പത്രക്കുറിപ്പ്

# തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തി അടച്ചുള്ള പരിശോധനയും കാറന്റൈനിൽ കഴിയുന്നവരുടെ നിരീക്ഷണവും ശക്തമായി തുടരുന്നു.

# മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് മത്സ്യകച്ചവടം നടത്തിയ ആളിനെതിരെ കേസ്

# സ്പെഷ്യൽ ഡ്രൈവ്: 357പേർക്കെതിരെ നിയമ നടപടി

# 58700/- രൂപ പിഴ ഈടാക്കി

മാസ്ക് ധരിക്കാത്ത 265 പേർക്കെതിരെയും, സാമൂഹിക അകലം പാലിക്കാത്ത 54 പേർക്കെതിരെയും, സുരക്ഷാ മാർഗ്ഗ നിർദേശങ്ങൾ പാലിക്കാത്ത 27

# കടകൾക്കെതിരെയും, 11 വാഹനങ്ങൾക്കെതിരെയും നിയമ നടപടി സ്വീകരിച്ചു.

തിരുവനന്തപുരം:- തലസ്ഥാനത്തെ ക്രിട്ടിക്കൽ കണ്ടയിൻമെന്റ് സോണുകളിലും കണ്ടയിൻമെന്റ് സോണുകളിലും അതിർത്തി അടച്ചുള്ള കർശന പോലീസ് പരിശോധന തുടരുന്നു. അതോടൊപ്പം ക്വാറന്റൈനിൽ കഴിയുന്നവരെ നിരീക്ഷിക്കുന്ന പ്രവർത്തങ്ങളും ശക്തമായി തുടരുന്നതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതേസമയം കോവിഡ്-19 സുരക്ഷാ നിർദ്ദേശങ്ങൾ പാലിക്കാത്തവരെ കണ്ടെത്താനായി സിറ്റി പോലീസ് നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ ഇന്നലെ (13.08.2020) 357 പേർക്കെതിരെ നടപടി സ്വീകരിക്കുകയും 58700/- രൂപ പിഴ ഈടക്കിയതായും കമ്മീഷണർ അറിയിച്ചു

## മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് മത്സ്യകച്ചവടം നടത്തിയ ആളിനെതിരെ കേസ്

കോവിഡ്-19 മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ക്രിട്ടിക്കൽ കണ്ടയിൻമെൻറ് സോണായ കുമരിചന്തയിൽ നിന്നും പൂന്തുറ ഭാഗത്തേക്ക് കച്ചവടത്തിനായി കൊണ്ടുവന്ന വാഹനവും കച്ചവടക്കാരനേയും പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തു. കേരള എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം ഇയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. ക്രിട്ടിക്കൽ കണ്ടയിൻമെൻറ് സോണിൽ നിന്നും യാതൊരു കാരണവശാലും മത്സ്യവും മറ്റു സാധനങ്ങളും പുറത്തുകൊണ്ടുവന്ന് വിൽപ്പന നടത്താൻ പാടില്ല എന്ന കർശന നിർദ്ദേശം

ലംഘിച്ചുകൊണ്ട് മത്സ്യവിൽപ്പന നടത്താൻ ശ്രമിച്ച ആളിനെയാണ് അറസ്റ്റ് ചെയ്തത്.

## സ്പെഷ്യൽ ഡ്രൈവ്

തിരുവനന്തപുരം നഗരത്തിലെ കോവിഡ് രോഗവ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് തിരുവനന്തപുരം സിറ്റി പോലീസ് നടത്തി വരുന്ന മാസ്സ് ഡ്രൈവ് (മാസ്ക് ആന്റ് സോഷ്യൽ ഡിസ്റ്റൻസിങ് ഡ്രൈവ്) ഇന്നലെയും (13.08.2020) തുടർന്നു. എല്ലാ പോലീസ് സ്റ്റേഷനുകളിലേയും എസ്.എച്ച്.ഒ-മാരുടെ നേതൃത്വത്തിൽ സിറ്റിയിലെ കൺട്രോൾ റൂം വാഹനങ്ങളും ചേർന്ന് പൊതുസ്ഥലങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 357 പേർക്കെതിരെ ഇന്നലെ നിയമ നടപടി സ്വീകരിച്ചു. രാവിലെ 10.00 മണി മുതൽ 1.00 വരെയും വൈകുന്നേരം 4.00 മണി മുതൽ 7.00 മണി വരെയുമായിരുന്നു വ്യാപകമായ പരിശോധനകൾ നടന്നത്. പോലീസ് സ്റ്റേഷനുകളിൽ നിന്നുള്ള പ്രത്യേക ബൈക്ക് പട്രോൾ ടീമുകളും മാസ്സ് ഡ്രൈവിൽ പങ്കെടുത്തു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ കണ്ടെത്തിയ 265 പേർക്കെതിരെയും സാമൂഹ്യഅകലം പാലിക്കാതെ കാണപ്പെട്ട 54 പേർക്കെതിരെയും നിയമനടപടി എടുത്തു. സാമൂഹിക അകലം പാലിക്കാതെയും, കോവിഡ് പ്രോട്ടോക്കോൾ അനുസരിക്കാതെയും പ്രവർത്തിച്ച 27 കടകൾക്കെതിരെയും നിയമ നടപടി സ്വീകരിച്ചു. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 11 വാഹനങ്ങൾക്കെതിരെയും സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി നടപടി സ്വീകരിച്ചു. വിവിധ വിലക്ക് ലംഘനങ്ങൾക്ക് പിടിയിലായവരിൽ നിന്നും 58,700/- രൂപയാണ് ഇന്നലെ പിഴ ഇനത്തിൽ ഈടാക്കിയത്. അതോടൊപ്പം തലസ്ഥാനത്ത് ഇന്നലെ (13.08.2020) ലോക്ക് ഡൗൺ വിലക്ക് ലംഘനം നടത്തിയ

43 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരവും കേസെടുത്തു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ തീരപ്രദേശങ്ങൾ ഉൾപ്പെടുന്ന ക്രിട്ടിക്കൽ കണ്ടയിൻമെന്റ് സോണുകളിലും നഗരപ്രദേശങ്ങളിലെ കണ്ടയിൻമെന്റ് സോണുകളിലും അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
13-08-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

13/08/20

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി

OFFICE OF THE COMMISSIONER OF POLICE
Government of Kerala
THIRUVANANTHAPURAM CITY